# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA TVM /GP6/776/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA TVM /GP6/776/2022 തീയ്യതി: 23/06/2022

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 27-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 27-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി രേഖ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനുജ എംഎൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കിഷോർ എസ് വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി മിനി എസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി ബെറ്റി ജെ ടീസ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ പി സുനിൽ | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈസ് | കൃഷി ഓഫീസർ | 01-04-2020 | 22-09-2020 |
| ശ്രീമതി സൗമ്യ പി കെ | കൃഷി ഓഫീസർ | 23-09-2020 | 31-03-2021 |
| ഡോ കീർത്തി എജെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ മന്ദ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2020 | 21-01-2021 |
| ഡോ ലക്ഷ്മിപ്രിയ വി എസ് | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 21-01-2021 | 31-03-2021 |
| ഡോ പ്രീത എസ് ആർ | മെഡിക്കൽ ഓഫീസർ, PHC | 01-04-2020 | 25-01-2021 |
| ഡോ സ്വപ്ന എസ് കുമാർ | മെഡിക്കൽ ഓഫീസർ, PHC | 26-01-2021 | 31-03-2021 |
| ശ്രീമതി അനശ്രീ എ എസ് | ICDS സൂപ്പർവൈസർ | 01-04-2020 | 06-11-2020 |
| ശ്രീമതി ചിത്രകുമാരി വി | ICDS സൂപ്പർവൈസർ | 07-11-2020 | 31-03-2021 |
| ശ്രീ പ്രേംകുമാർ വി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 31-03-2021 |
| ശ്രീ പ്രേംകുമാർ വി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 02-07-2020 |
| ശ്രീ വിഷ്ണുനാരായണപ്രസാദ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 03-07-2020 | 31-03-2021 |
| ശ്രീമതി ബീന ജെ സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 08-04-2020 |
| ശ്രീ സുരേഷ് കെജി | അസിസ്റ്റന്റ് എഞ്ചിനിയർ | 08-04-2020 | 06-01-2021 |

| | | | |
|---|---|---|---|
| ശ്രീമതി ബിനി ജെ സി | അസിസ്റ്റന്റ് എഞ്ചിനിയർ | 07-01-2021 | 10-02-2021 |
| ശ്രീമതി സുചിത്രലത ജി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 11-02-2021 | 31-03-2021 |
| ശ്രീമതി സുലൈഖ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 17-06-2020 |
| ശ്രീ ദിലീപ്കുമാർ എസ് | ഹെഡ്മാസ്റ്റർ | 18-06-2020 | 31-03-2021 |
| ശ്രീമതി സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-1 |
| 2 | 2020-21 ബജറ്റ് - അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 05-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: THANUJA M.N. (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-3 |
| 6 | 2020-21 ഗ്രാന്റ് വിനിയോഗം -അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-3-1 |
| 7 | പദ്ധതി അവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-4 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 90500/-രൂപ.<br>Written By: THANUJA M.N. (Senior Grade Auditor, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-5-1 |
| 10 | മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-5-2 |
| 11 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം.<br>Written By: THANUJA M.N. (Senior Grade Auditor, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-5-3 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 30-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-6 |
| 13 | എം-ബുക്ക് പരിപാലനത്തിൽ അപാകത.<br>Written By: Rekha C S (Senior Grade Auditor, On 30-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-6-1 |
| 14 | റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ രേഖകൾ ഇല്ല.<br>Written By: Rekha C S (Senior Grade Auditor, On 30-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-6-2 |
| 15 | വിവിധ പ്രവൃത്തികൾക്ക് സാധനങ്ങൾ സമാഹരിച്ചതിലെ അപാകതകൾ.<br>Written By: Rekha C S (Senior Grade Auditor, On 30-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-6-3 |
| 16 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-7 |

| | | |
|---|---|---|
| 17 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-8 |
| 18 | FTEAOS ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ.<br>Written By: Swapna.S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-9 |
| 19 | തൊഴിൽ നികുതി പിരിവ് - അപാകതകൾ<br>Written By: Swapna.S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-10 |
| 20 | വസ്തു നികുതി പരിശോധനയിലെ അപാകതകൾ.<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-11 |
| 21 | അങ്കണവാടി കെട്ടിടങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു - ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്.<br>Written By: Swapna.S (Senior Grade Auditor, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-12 |
| 22 | ആർദ്രം-പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കൽ പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-380488/- രൂപയുടെ ചെലവ് തടസ്സം.<br>Written By: THANUJA M.N. (Senior Grade Auditor, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-13 |
| 23 | വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - പൊതു അപാകതകൾ.<br>Written By: Sindhu P.S (Audit Officer, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-14 |
| 24 | മുട്ടക്കോഴി വളർത്തൽ - ചെലവുരേഖകളുടെ അഭാവത്തിൽ 8,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 05-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-15 |
| 25 | ബയോഫ്ലോക് മത്സ്യകൃഷി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-16 |
| 26 | ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-17 |
| 27 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 5% കുറവ് ചെയ്തില്ല - നഷ്ടം 49080/-രൂപ.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-18 |
| 28 | മരാമത്ത് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-19 |
| 29 | പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രോജക്റ്റ് റിവൈസ് ചെയ്തിരിക്കുന്നു.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-20 |
| 30 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-21 |
| 31 | കാലതാമസത്തിന് പിഴ ഈടാക്കാതെ കരാറുകാരന് ബിൽ തുക നൽകി.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 1-22 |
| 32 | ജി.എസ്.ടി. അടവാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 29-04-2022) | 1-23 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 06-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 04-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 23.03.2020-ലെ തീരുമാനം 1(1) പ്രകാരം മുന്നിരിപ്പും വരവും ഉൾപ്പെടെ 429829296/-രൂപയും 427394700/-രൂപ ചെലവും 2434596/-രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

### 1-1-1 2020-21 ബജറ്റ് - അപാകങ്ങൾ

ബജറ്റ് അവലോകനം സംബന്ധിച്ച്

പ്രതിമാസ അവലോകനം

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

വാർഷിക അവലോകനം

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/26.04.22-ന് എല്ലാ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോഗം ചേരുകയും വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയും ചെയ്തു വരുന്നുണ്ടെന്നും തൽസമയം ബഡ്ജറ്റ് പ്രകാരമുള്ള ചെലവുകളും വരവുകളുമാണോ എന്ന വിവരം കമ്മറ്റി പരിശോധിക്കുന്നുണ്ടെന്നും എന്നാൽ എല്ലാമാസവും ചെയ്തു വരുന്ന പ്രവൃത്തിയായതിനാൽ മിനിട്ട്സിൽ പലപ്പോഴും ഉൾക്കൊള്ളിക്കാറില്ല എന്നുമാണ് മറുപടി നൽകിയത്.

6. 2020-21 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ് പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 3435000 | 2187642 |
| 2 | 1102001 | തൊഴിൽ നികുതി | 1600000 | 689240 |
| 3 | 1301001 | സ്ഥലങ്ങളുടേയും | 75000 | 36571 |

| | | | | |
|---|---|---|---|---|
| | | കെട്ടിടങ്ങളുടേയും വാടക | | |
| 4 | 1303001 | ഓഡിറ്റോറിയം | 75000 | 14000 |

കോവിഡ് സാഹചര്യം കാരണം ജീവനക്കാരുടെ നികുതി മാർച്ചിൽ പൂർണമായും ഈടാക്കാനാകാത്തതും ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ വ്യാപാര സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും വർദ്ധിക്കാത്തതുമാണ് പിരിച്ചെടുത്ത തുകയും പ്രതീക്ഷിത തുകയും തമ്മിലെ വ്യത്യാസത്തിനു കാരണമെന്നും (പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് കൂടാതെ 2 ആഡിറ്റോറിയങ്ങളിൽ നിന്നും കൂടി വാടക വരുമാനം ലഭിക്കുന്നുണ്ട്) ആഡിറ്റോറിയങ്ങളിലെ ബുക്കിംഗ് പ്രതീക്ഷിച്ച രീതിയിൽ ഉണ്ടാകാത്തതുമാണ് വ്യത്യാസത്തിനു കാരണമെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

2) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | AFS പ്രകാരമുള്ള തുക |
|---|---|---|---|---|
| 1. | 2501001 | Agriculture And Related Sectors- Paddy | 150000 | - |
| 2. | 2501009 | Agriculture And Related Sectors- Coconut | 50000 | - |
| 3. | 2501019 | Agriculture And Related Sectors- Pepper | 100000 | |
| 4. | 4104001 | Drinkivg Water -Sources | 500000 | - |
| 5. | 4105001 | Irrigation | 450000 | - |

ബഡ്ജറ്റ് റിവൈസ് ചെയ്യുന്ന സമയം പദ്ധതിയിലുൾപ്പെടുത്തിയിരുന്നവയും ചെലവ് വരുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് നൽകുകയും ചെയ്തിരുന്ന തുകകൾ ഒഴിവാക്കിയിരുന്നില്ല. എന്നാൽ ടി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി പൂർത്തിയാക്കുവാൻ കഴിയാതിരിക്കുകയും റിവൈസ്ഡ് ബഡ്ജറ്റിൻ പ്രകാരം AFS-ൽ ഉൾപ്പെടുത്തുവാൻ കഴിയാതെ വരുകയും ചെയ്തു എന്നാണ് മറുപടി നൽകിയത്.

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 17.04.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1.കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 04/ 19.04.22-ന് പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കി ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും മാറ്റം വരുത്തുന്നതിനായി ജേണൽ എൻട്രി ചെയ്തിട്ടില്ലായെന്നും ഏപ്രിൽ മാസം അക്രൂവൽ രേഖപ്പെടുത്തുകയും പിന്നീടുണ്ടാകുന്ന മാറ്റങ്ങൾ വർഷാവസാനം ഒറ്റ എൻട്രിയായി ചേർക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നതെന്നും വരും വർഷങ്ങളിൽ ചട്ടം 17(2) പ്രകാരമുള്ള നടപടികൾ പാലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2.വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരംആകെ വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്നു . വരവ് തുക 212891375/- രൂപയും, ചെലവ് തുക 214671112/- രൂപയുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 04/ 19.04.22-ന് 2020-21 വർഷം ഡിപ്രീസിയേഷൻ ആയി രേഖപ്പെടുത്തപ്പെട്ട 24,87,399/- തുകയുടെ ബാധ്യത ചേർന്നതിലാണ് 2020-21 ൽ തൻവർഷ വരവിനേക്കാൾ തൻവർഷ ചെലവ് അധികരിച്ചതെന്നും പഞ്ചായത്തിലെ നിലവിലുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തുമ്പോൾ ആയത് ചെലവായി ഉൾപ്പെടുത്തുമെങ്കിലും അതിന് അനുപൂരകമായി വരവ് രേഖപ്പെടുത്തുന്നതിന് ആവശ്യമായ ഹെഡുകൾ ഇല്ലാത്തതും

ആയതിന്റെ നടപടികൾ നിശ്ചയിച്ചിട്ടില്ലാത്തതിനാലും ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഡിപ്രീസിയേഷൻ തുക അധിക ചെലവായാണ് രേഖപ്പെടുത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി തുക ഒഴിവാക്കി പരിശോധിച്ചാൽ വരവ് ചെലവിനേക്കാൾ കൂടുതലാണ് എന്ന് കാണാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3.2019-20, 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100299 | Grants, Funds & Contributions For Specific Purposes-Other Central Government Grants-Other Grants | 12000 |
| 2 | 320700204 | Contributions For Joint Venture Projects-for Revenue Expenditure From Block Panchayats | 124936 |

320100299-ൽ ഉള്ള 12000/- രൂപ അംഗൻവാടിയിൽ ടോയിലറ്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗ്രാന്റായി ലഭിച്ചതാണെന്നും ആയത് പദ്ധതി രൂപീകരിച്ച് 2021-22ൽ പൂർണമായും ചെലവഴിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

320700204 - 124936/- രൂപ വിവിധ സംയുക്ത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച തുകയാണെന്നും ടി തുക 2021-22 ൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4.2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക | ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 04/ 19.04.22ന് നൽകിയ മറുപടി |
|---|---|---|---|---|
| 1. | 320200322 | Grants From Suchitwa Mission | 48765 | ശുചിത്വ മിഷൻ ഗ്രാന്റായി ലഭിച്ച തുകകളിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്ന തുകയാണ്. ആകെ ലഭിച്ച 38,14,356/- രൂപയിൽ 37,65,591/- രൂപ 2020-21 ൽ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള തുക സ്പിൽ ഓവർ പദ്ധതികളിൽ 2021-22 ൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണ്. |
| 2 | 320200399 | Grants,Funds &Contributions For Specific Purposes-Other Than Development Fund & State Sponsored | 73500 | 22500-വിമുക്തി, 51000-അംഗൻവാടികൾക്ക് ബോർഡ് അനുവദിക്കുന്നതിന് അനുവദിച്ച തുകകളാണ് ആയത് വരും വർഷം ചെലവഴിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies | 8487 | കിലയിൽ നിന്നും ട്രെയിനിംഗ് ചെലവുകൾക്ക് നൽകിയ തുകയിൽ ബാക്കി വന്ന തുകയാണ്. തുക കില ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്. |
| 4 | 320700104 | Contributions For Joint Venture Projects For Capital Expenditure- From Block Panchayats | 4391 | ബ്ലോക്ക് പഞ്ചായത്ത് ക്യാപ്പിറ്റൽ ചെലവുകൾക്കുള്ള വിഹിതം -2021-22 ൽ തിരികെ അടച്ചിട്ടുണ്ട്. |
| 5 | 350200301 | Recoveries Payable-COVID | 50200 | കോവിഡ് റിക്കവറി ആയി പഞ്ചായത്ത് അംഗങ്ങളുടെ ഹോണറേറിയത്തിൽ നിന്നും പിടിച്ച തുകയാണ്. സർക്കാർ നിർദ്ദേശം ലഭ്യമാകാത്തതിനാൽ ടി തുക തിരികെ നൽകാനോ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനോ 2020-21 ൽ കഴിഞ്ഞിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണ്. |

5. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ ആയത് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021 മാർച്ച് 31 ന് മുൻപ് ലഭ്യമായ ടെലഫോൺ ചാർജ്ജ്-വൈദ്യുതി ചാർജ് തുകകൾ എല്ലാം ആ വർഷം തന്നെ അടവാക്കിയിട്ടുണ്ടെന്നും ആയതിന് ശേഷം ലഭ്യമായ ബില്ലുകൾ ആയതിനാലാണ് പേയബിൾ ആക്കി B9 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്താത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

6. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 80021/-രൂപ നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 04/ 19.04.22-ന് 09/07/2021-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാന പ്രകാരം 3 വർഷം കഴിയാത്തതും LIABILITY IN RESPECT OF STALE CHEQUES ൽ ഉൾപ്പെട്ടതുമായ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7. ചുവടെ ചേർക്കുന്ന വരവിനത്തിന്റെ അരിയർ കളക്ഷൻ തുക (2020-21 RP 43), അരിയർ ഡിമാന്റ് തുകയെക്കാൾ (2019-20 B15) കൂടുതലാണ്.

| | വരവിനം | അരിയർ കളക്ഷൻ തുക | അരിയർ ഡിമാന്റ് തുക |
|---|---|---|---|
| 1. | Profession Tax-Institutions/Professionals/ Traders | 15000 | 11250 |

2019-20 വർഷത്തിൽ ഡിമാന്റ് അക്രൂ ചെയ്യാത്ത തുക വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിൽ അധികമായി ലഭ്യമായതാണ് ഈ വ്യത്യാസത്തിന് കാരണമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

8. 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുൻകൂർ ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | മുന്നിരിപ്പ് (2019-20 B18) | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക(RP 47 Payment) | തൻവർഷം വരവായി ലഭിച്ച തുക(RP 47 Receipt) | നീക്കിയിരിപ്പ് (2020-21 B18) |
|---|---|---|---|---|---|
| 1. | Others Advance | 6280 | 0 | 0 | 6280 |
| 2 | Advance To Implementing Officers-Deposit With KWA | 7165000 | 0 | 0 | 7165000 |
| 3 | Advance To Implementing Officers-Deposit With KSEB | 80127 | 0 | 0 | 0 |

2019-20 നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രികയിലെ B 18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ വർഷങ്ങളിലെ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 04/ 19.04.22-ന് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് പലതവണ കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. ക്രമ നമ്പർ 3-ലെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത തുക 2020-21 B18 ൽ ഉൾപ്പെടുത്തിയിട്ടുമില്ല.

9. I-18 Schedule പ്രകാരം Non-residential Building ഇനത്തിൽ 3792/- രൂപയും Residential Building ഇനത്തിൽ 1984/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുന്ന മാറ്റങ്ങൾക്കനുസൃതമായി ഡിമാന്റിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിന് നടത്തിയ ജേണൽ എൻട്രിയുടെ ഫലമായാണ് I-18 ഷെഡ്യൂളിൽ പരാമർശിത തുകകൾ ഉൾപ്പെട്ട് വന്നതെന്നാണ് മറുപടി നൽകിയത്.

10.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാവരജംഗമ ആസ്തികൾ എല്ലാം തന്നെ അതാത് ഹെഡിൽ ആണ് വരവ് വയ്ക്കുന്നത് എന്നതിനാലും മറ്റ് ഇൻവെന്ററീസ് ഒന്നും സ്റ്റോക്കിൽ ബാക്കി ഇല്ലാത്തതിനാലുമാണ് B-14 ൽ ഉൾപ്പെടുത്താത്തതെന്നും വരും വർഷങ്ങളിൽ ആയത് പരിഹരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ വിവരം ചുവടെ ചേർക്കുന്നു:-

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14648892 | 14648892 | 20029924*a | -5381032 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 0 | 4069079 | 4069079 | 4308034*b | -238955 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1474000 | 1474000 | 1319498 | 154502 |
| CFC(tied) | 0 | 6160000 | 6160000 | 3339468 | 2820532 |
| CFC(untied) | 0 | 11585556 | 11585556 | 7414517 | 4171039 |
| Maintenance Fund(nonroad) | 0 | 5013771 | 5013771 | 5065000*c | -51229 |
| Maintenance Fund(road) | 0 | 19765000 | 19765000 | 19765000 | 0 |
| CSS | 0 | 0 | 0 | 4327544 | -4327544 |
| SSS | 0 | 0 | 0 | 1920000 | -1920000 |

*A ACR പ്രകാരമുള്ള ചെലവ് 14648892/- രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 3590113/- രൂപയാണ്.

*C ACR പ്രകാരമുള്ള ചെലവ് 5006067/- രൂപയാണ്.

## 1-3-1 2020-21 ഗ്രാന്റ് വിനിയോഗം -അപാകതകൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആർ-മായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 20029924 | 14648892 |
| വികസനഫണ്ട്(എസ്.സി.പി) | 4308034 | 3590113 |
| Maintenance Fund (Nonroad) | 5065000 | 5006067 |

സ്ഥാപനത്തിന് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവു ചെലവു കണക്കുകൾ അവിടുത്തെ എ സി ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യസ്തമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/26.04.22-ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

വിവിധ ഫണ്ടിനങ്ങളിൽ 2020-21 വർഷത്തെ ബഡ്ജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് (അഡീഷണൽ അലോട്മെന്റ് ഉൾപ്പെടെ) ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ളത്. എന്നാൽ ലൈഫ് ഹഡ്കോ വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്കുള്ള വേതനം, വോട്ടിംഗ് മെഷീൻ വാങ്ങൽ എന്നീ ഇനങ്ങൾക്ക് വേണ്ടിയുള്ള തുക യഥാക്രമം വികസനഫണ്ട് (ജനറൽ), എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് എന്നീ ഫണ്ടിനങ്ങളുടെ അലോട്മെന്റുകളിൽ നിന്നും സർക്കാർ കുറവ് ചെയ്തതിന് ശേഷം ബാക്കി തുക മാത്രമേ യഥാർത്ഥത്തിൽ അനുവദിച്ചു നൽകിയിട്ടുള്ളൂ. ഇപ്രകാരം അനുവദിച്ച തുകയാണ് മേൽ പറഞ്ഞ ഫണ്ടുകളിലെ എ.സി.ആർ-ൽ ലഭ്യമാകുക. അതേ സമയം ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകയ്ക്ക് സുലേഖയിൽ ജി.ഒ പ്രോജക്ട് ചെയ്ത് ചെലവ് വരുത്തുന്നു. (ലൈഫ് ലോൺ തിരിച്ചടവ്, അംഗൻവാടി വേതനം, വോട്ടിംഗ് മെഷീൻ വാങ്ങൽ എന്നിവയ്ക്ക് വെവ്വേറെ പ്രോജക്ടുകൾ). ഐ.കെ.എം ഇതിനായി സുലേഖ സോഫ്റ്റ്‌വെയറിൽ പ്രത്യേക ക്രമീകരണം വരുത്തുന്നു. ബഡ്ജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക നേരത്തെ തന്നെ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജി.ഒ പ്രോജക്ട് ചെയ്യുന്നതോടു കൂടി യഥാർത്ഥ വരവും ചെലവും സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ആ വിവരം ലഭ്യമാകുന്നു. എന്നാൽ എ.സി.ആർ-ൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നതിനു ശേഷം ലഭിച്ച ബാക്കി തുകയുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ആയതിനാലാണ് ഈ രണ്ട് സ്റ്റേറ്റ്മെന്റുകളിലെ തുകകൾ തമ്മിൽ വ്യത്യാസം ഉണ്ടാകാനുള്ള കാരണം.

സാങ്കേതിക പ്രശ്നങ്ങളാണ് പ്രസ്തുത വ്യത്യാസത്തിന് കാരണമെന്നാണ് മേൽ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്.

ആയതിനാൽ മേൽ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 969090/- ആണ്. എന്നാൽ 1005424/- രൂപ വകയിരുത്തിയെങ്കിലും ആയതിൽ നിന്നും 274041/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 27% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/26.04.22-ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്-പനവൂർ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർ, കുട്ടികൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി ആകെ അടങ്കൽ 1005424/- രൂപ വരുന്ന 6 പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. ആയതിനാൽ 29/21-സർക്കാർ സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം, 30/21-പ്രീപ്രൈമറികുട്ടികൾക്ക് പോഷകാഹാരം എന്നീ പ്രോജക്ടുകൾ കോവിഡിന്റെ ആദ്യഘട്ട വ്യാപനത്തെ തുടർന്ന് സ്കൂളുകൾ അനിശ്ചിതകാലത്തേക്ക് അടച്ചിട്ടതിനാൽ ഭാഗികമായി മാത്രമേ നിർവ്വഹണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ. കൂടാതെ 39/21-സ്നേഹസത്തുമ്പി (ബാലസൗഹൃദ പഞ്ചായത്ത്) 25/21-ഭിന്നശേഷി കലോൽസവം എന്നിവ സർക്കാറിന്റെ കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് നടപ്പാക്കാൻ കഴിഞ്ഞതുമില്ല. ആയതിനാലാണ് ടി പദ്ധതികളുടെ ചെലവ് 27% ആയി കുറഞ്ഞിട്ടുള്ളത്.

3.പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി(42/21) ചെലവ് പത്രിക പ്രകാരം വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 307640/- രൂപ വകയിരുത്തുകയും 307155/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കുള്ള വകയിരുത്തലും ചെലവും പൂജ്യം ആണ്. പ്രസ്തുത പ്രോജക്റ്റിന്റെ ഡാറ്റാ എൻട്രി സമയത്ത് പാലിയേറ്റീവ് എന്ന പ്രത്യേക വിഭാഗത്തിൽ ടി പ്രോജക്ട് ഉൾപ്പെടുത്താത്തതാണ് ഇതിന് കാരണമെന്നാണ് മറുപടി നൽകിയത്.

പഞ്ചായത്തിന്റെ നിരവധി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്ന തുക ചെലവഴിക്കാതെ പാഴായിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### 1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി 18.12.19-ന് പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചതായി മിനിറ്റ്സ് പരിശോധനയിൽ നിന്നും വ്യക്തമല്ല. എന്നാൽ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 26/26.04.22-ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ആസൂത്രണ സമിതി സാങ്കേതിക പരിജ്ഞാനമുള്ളവരെ കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയും ആസൂത്രണസമിതിയുടെ പ്രഥമ യോഗത്തിൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടെന്നും അതിന്റെ ഭാഗമായിട്ടാണ് സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചിട്ടുള്ളതെന്നും കരട് പദ്ധതി -അന്തിമ പദ്ധതി എന്നിവ രൂപീകരിച്ചിട്ടുള്ളതെന്നും

അറിയിച്ചിട്ടുണ്ട്.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. 29.01.20, 11.03.20 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം (സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 26/26.04.22-ന്റെ മറുപടി) |
|---|---|---|---|
| I | ദാരിദ്ര ലഘൂകരണം | 29.01.20 | ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ള കുടുംബങ്ങളെ കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങൾ , വിദ്യാഭ്യാസസൗകര്യങ്ങൾ , വിവാഹധനസഹായങ്ങൾ എന്നിവ ലഭ്യമാക്കത്തക്കരീതിയിൽ ഉള്ള പ്രോജക്ടുകൾ വയ്ക്കുക ('ആശ്രയ' അഗതിരഹിത പദ്ധതി രൂപീകരിച്ചു) |
| Ii | ശുചിത്വം, കുടിവെള്ളം | 11.03.20 | കോതകുളങ്ങര നെടുമ്പ റോഡിൽ പൈപ്പ് ലൈൻ നീട്ടുക. പാമ്പാടി മലയടി അംഗൻവാടി ഏര്യയിൽ പൈപ്പ് ലൈൻ നീട്ടുക. (ജലജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്) |
| Iii | വിദ്യാഭ്യാസം ,കല , സംസ്കാരം | 29.01.20 | സ്കൂളുകൾക്ക് വാട്ടർകണക്ഷൻ നൽകൽ, (ജലജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്) സ്കൂൾ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് നീന്തൽ പരിശീലനം. |
| IV | പട്ടികജാതി വികസനം | 29.01.20 | കുട്ടികൾക്ക് പഠനോപകരണം നൽകൽ (2021-22 വാർഷിക പദ്ധതി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). |

3) സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു. പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | വനിതാവികസനം | ഗുരുതരം | തൊഴിലില്ലായ്മ |
| | | ഗുരുതരം | സ്ത്രീകളുടെ ഗാർഹിക പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| Ii | മൃഗസംരക്ഷണവും, ക്ഷീരവികസനവും | ഗുരുതരം | ഉയർന്ന ഉത്പാദനചെലവ് |
| | | ഗുരുതരം | രോഗങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ |
| Iii | കൃഷി | ഗുരുതരം | പ്രകൃതിക്ഷോഭം (വരൾച്ച, കാറ്റും മഴയും) |
| | | ഗുരുതരം | ജല ദൗർലഭ്യം |
| | | ഗുരുതരം | വന്യജീവി ആക്രമണം |
| Iv | പട്ടികവർഗ വികസനം | ഗുരുതരം | പട്ടികവർഗ ഊരുകളിലെ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം |
| V | പട്ടികജാതി വികസനം | ഗുരുതരം | അക്ഷരജ്ഞാനമില്ലായ്മ |
| | | ഗുരുതരം | അമിതമദ്യപാനം |
| | | ഗുരുതരം | തൊഴിലില്ലായ്മ |

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള മേൽ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/26.04.22-ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ 5 വർഷം കൊണ്ട് പരിഹരിക്കത്തക്ക വിധത്തിലാണ് പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ദീർഘകാല ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതും പരാമർശത്തിൽ പറഞ്ഞിട്ടുള്ളതുമായ ഗുരുതരപ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂവെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

4) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 247042066/- രൂപയും ചെലവ് 89514716/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 36% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 6082260 | 5540018 | 91% |
| | സേവനം | 19565001 | 14290094 | 73% |
| | പശ്ചാത്തലം | 250000 | 200812 | 80% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 1170000 | 650000 | 55% |
| | സേവനം | 3954021 | 2338846 | 59% |
| | പശ്ചാത്തലം | 1645741 | 1319188 | 80% |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 350000 | 200000 | 57% |
| | സേവനം | 1474500 | 1119498 | 76% |
| | പശ്ചാത്തലം | 0 | 0 | 0 |

വികസന ഫണ്ടിനത്തിൽ ക്യാരിഓവർ തുക അലോട്മെന്റായി തൻവർഷം ലഭിക്കാത്തത് കാരണവും, കോവിഡ് 19-ന്റെ നിയന്ത്രണങ്ങൾ പ്രകാരം യഥാസമയം ഏറ്റെടുക്കാൻ കഴിയാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലുമാണ് വാർഷിക പദ്ധതി ചെലവിൽ കുറവുണ്ടായിട്ടുള്ളതെന്നും ആയത് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത വാർഷിക പദ്ധതിയിൽ അനിവാര്യമായ പദ്ധതികൾ നടപ്പിലാക്കി ചെലവഴിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

## 1-5 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 177840 | 123 |
| കർഷകതൊഴിലാളി പെൻഷൻ | 9155800 | 541 |
| വിധവാ പെൻഷൻ | 18281200 | 1204 |
| വാർദ്ധക്യകാല പെൻഷൻ | 24575100 | 1749 |
| വികലാംഗ പെൻഷൻ | 4338000 | 300 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 401000 | 28 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 90500/-രൂപ.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (രജിസ്ട്രേഷൻ നം 30/20 തീയതി 16.04.20 മുതൽ 46/21 തീയതി 25.05.21 വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധിച്ചത്).

| ക്രമ നം | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കാസിംകുഞ്ഞ് | 102650200057 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 01.04.20 | May-2020-September-2020 | 7500 |
| 2 | ശശികല ദേവി | 102650201422 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 12.05.20 | June-2020-September-2020 | 5300 |
| 3 | അബ്ദുൾ റഹിം - | 102650200987 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 13.05.20 | June-2020-September-2020 | 5300 |
| 4 | സുലോചന | 102650400208 | ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | സസ്പെൻഡ് | 27.05.20 | June-2020-September-2020 | 5300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 5 | അബ്ദുൽ അസീസ് | 102650200727 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 07.06.20 | July-2020-September-2020 | 4000 |
| 6 | മജീദ് | 102650200689 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 23.07.20 | August 2020-September-2020 | 2700 |
| 7 | ലളിത എസ്സ് - | 102650201303 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 11.07.20 | August 2020-September-2020 | 2700 |
| 8 | ശശിധരൻ | 102650200481 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.07.20 | August 2020-September-2020 | 1200 |
| 9 | അബ്ദുൽ ജലാൽ എം | 102650201071 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 06.10.20 | November-2020 -February-2021 | 5800 |
| 10 | ശിവൻകുട്ടി എൻ | 102650200989 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 16.10.20 | November-2020 | 1400 |
| 11 | എശായൻ | 102650100332 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 04.11.20 | December-2020 -April-2022 | 26700 |
| 12 | സരസമ്മ | 102650200604 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 23.1120 | Decenber-2020 -February-2021 | 4500 |
| 13 | സുഭാഷ് ബാബു പി . കെ | 102650400187 | ദേശീയ ഡിസബിലിറ്റി പെൻഷൻ | സസ്പെൻഡ് | 05.12.20 | January-2021 February-2021 | 3000 |
| 14 | ഹംസ എം എം | 102650201413 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 28.11.20 | Decenber-2020-February-2021 | 4400 |
| 15 | ശ്രീധരൻഎസ് | 102650200085 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.12.20 | January-2021 -February-2021 | 3000 |
| 16 | ഭാഗീരഥിയമ്മ | 102650100863 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 05.01.21 | February-2021 | 1500 |
| 17 | സുധാകരൻ | 102650201355 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 23.01.21 | February-2021 | 1500 |
| 18 | വർഗ്ഗീസ് എം. | 102650200243 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.02.21 | March-2021-May-2021 | 4700 |
| | | | | | | ആകെ | 90500/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പനവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.31/ 27.04.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക സംബന്ധിച്ച തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-5-2 മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാൻ ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18-ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു :-

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ആര്യനാട് ഗ്രാമപഞ്ചായത്ത് സെയ്തുകുഞ്ഞ് എം - | 102550201071 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 02.04.20 | May-2020 November-2021 | 28100 |
| 2 | ആനാട് ഗ്രാമപഞ്ചായത്ത് കമലമ്മ വി | 102630600114 | വിധവ പെൻഷൻ | സസ്പെൻഡ് | 15.07.20 | ,August-2020 October-2021 | 25800 |
| 3 | പാങ്ങോട് | 102510600482 | വിധവ | ആക്റ്റീവ് | 09.09.20 | October-2020- | 29500 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ശാരദ.എസ് | | പെൻഷൻ | | | April-2022 |

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/27.04.22-ന് മറുപടി ലഭ്യമാക്കിയില്ല.

## 1-5-3 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം.

പനവൂർ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.03.2021-ലെ എ ഡി പി -ടി വി എം711/2020 PA 2 നം കത്ത്) അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പെൻഷൻ ഐ ഡി | അനർഹമായി തുക വിതരണം ആരംഭിച്ച തീയതി |
|---|---|---|---|
| 1 | ഭവാനി .പി | 102650100005 | 01.01.99 |
| 2 | ബഷീറാ ബീവി | 102650200390 | 01.05.11 |
| 3 | കോമളം.കെ.എ | 102650600181 | 01.12.1997 |

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. പെൻഷൻ വിതരണം ആരംഭിച്ച തീയതിയും സേവന സോഫ്റ്റ്‌വെയർ DBT പ്രകാരം പെൻഷൻ വിതരണം ആരംഭിച്ച തീയതിയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ സേവന സോഫ്റ്റ്‌വെയറിലെ വിതരണവിവരങ്ങൾ പരിശോധിച്ച് അനർഹമായി കൈപ്പറ്റിയ ക്ഷേമപെൻഷനുകളുടെ ആകെ തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 32/27.04.22-ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 704295 | 1360256 | 2064551 | 2010982* | 53569 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 62572928 | 62572928 | 62572928 | 0 |
| ആകെ | 704295 | 63933184 | 64637479 | 64583910 | 53569 |

*AFS പ്രകാരം രേഖപ്പെടുത്തിയ ചെലവ് 731113/-രൂപയാണ്. AFS-ഉം ക്യാഷ് ബുക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് നോട്ട്സ് ഓൺ അക്കൗണ്ട്സിൽ പരാമർശിച്ചിട്ടുണ്ട് .

## 1-6-1 എം-ബുക്ക് പരിപാലനത്തിൽ അപാകത.

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കുന്നതു മാത്രമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. M-ബുക്കിൽ പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല Detailed Estimate പ്രകാരമുള്ള Itemwise Description-ന് അനുസൃതമായി അളവ് രേഖപ്പെടുത്തിയിട്ടുമില്ല. M-ബുക്കിൽ ഫൈനൽ ബിൽ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/25.04.2022-നുള്ള മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ ഡിലേ പേയ്മെന്റ് ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി ആഴ്ച തോറുമുള്ള പേയ്മെന്റ് മസ്റ്റർ റോളിൽ എഴുതി കണക്കാക്കി ഓവർസിയർ നൽകിയതിൻ പ്രകാരം പേമെന്റ് നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആ പ്രവൃത്തിയ്ക്ക് മെഷർമെന്റ് രേഖപ്പെടുത്തി എം.ബുക്കിൽ എഴുതിവരുകയാണ് ചെയ്തിരുന്നതെന്നും അറിയിച്ചിരിക്കുന്നു. നിലവിൽ ആഴ്ചതോറും മെഷർമെന്റ് എം.ബുക്കിൽ രേഖപ്പെടുത്തി വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 20-21 ലെ 7.12.5 പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി M-ബുക്ക് പരിപാലിക്കേണ്ടതാണ്.

## 1-6-2 റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ രേഖകൾ ഇല്ല.

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമയി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 20/25.04.2022-നുള്ള മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ പ്രവൃത്തി സ്ഥലങ്ങളിൽ റോസ്ഗാർ ദിനം ആചരിച്ചിട്ടുണ്ടെന്നും എന്നാൽ മിനിട്ട്സ് തയ്യാറാക്കിയിട്ടില്ലെന്നുമുള്ള മറുപടിയാണ് ലഭിച്ചത്.

## 1-6-3 വിവിധ പ്രവൃത്തികൾക്ക് സാധനങ്ങൾ സമാഹരിച്ചതിലെ അപാകതകൾ.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക വർഷത്തിൽ 23 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി സിമന്റ്, മെറ്റൽ, എം സാന്റ് ഉടങ്ങിയ സാധനങ്ങളുടെ വാങ്ങലുകളിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

സാമ്പത്തിക വർഷത്തിൽ നിർവഹിച്ച 23 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കു വേണ്ടിയും 31.01.20, 14.02.20, 17.09.20, 12.10.20, 17.10.20 തീയതികളിലായി വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ച് വ്യത്യസ്ത വ്യക്തികളിൽ നിന്നും സാധനങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ആയത് കൊണ്ട് തന്നെ ഒരേ ഇനം സാധനങ്ങൾക്ക് വ്യത്യസ്ത വിലകൾ നൽകേണ്ടതായി വന്നിട്ടുണ്ട്. ഓരോ പ്രവൃത്തികളുടെയും ആവശ്യകത പ്രകാരമുള്ള സാധനങ്ങൾ കണക്കാക്കി ഒറ്റ ടെണ്ടറായി വാങ്ങാത്തതിനും ഇ ടെണ്ടറിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/26.04.2022-നുള്ള മറുപടിയിൽ ഡി.എസ്.ആർ റേറ്റ്, മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതലായതിനാൽ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് വെണ്ടർമാരെ കിട്ടാത്തതിനാലും വെണ്ടർമാരുടെ നിസ്സഹകരണം ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടതിനാലുമാണ് വിവിധ തീയതികളിലായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇനിയുള്ള ടെണ്ടറുകൾ ഇ ടെണ്ടറായി ഒരുമിച്ച് സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 25 നുള്ള മറുപടിയിൽ തുടർവർഷങ്ങളിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-7 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.21 മുതൽ 22.11.21 വരെ | ജനവരി 2021 മുതൽ ആഗസ്റ്റ് 2021 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.16 മുതൽ 24.05.16 വരെ | 2011-12 മുതൽ 2015-16 വരെ | - |

## 1-8 ആഭ്യന്തരനിയന്ത്രണം

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നതായുള്ള രേഖകൾ ഇല്ല.
2)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009 /തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴ ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽമാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനു വേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

ജി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

5) നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കേണ്ടുന്ന പല പദ്ധതികളും കുടുംബശ്രീയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി നിർവ്വഹണം നടത്തുന്നതായി കാണുന്നു. പദ്ധതിക്കായി വകയിരുത്തിയ തുക ഒന്നാകെ മെമ്പർ സെക്രട്ടറിയുടെ അപേക്ഷയിന്മേൽ ഏജൻസിക്ക് കൈമാറി നൽകുന്നു. തൻവർഷം പദ്ധതി പൂർത്തീകരിക്കാതെ തുക ബാക്കി നിൽക്കുമ്പോൾ തന്നെ കുടുംബശ്രീ വിനിയോഗസാക്ഷ്യപത്രവും നൽകുന്നു.
6) നിർവ്വഹണോദ്യോഗസ്ഥരിൽ പലരും TR 7Aമാതൃകയിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

## 1-9 FTEAOS ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ.

1. അപേക്ഷകൾ പൂർണ്ണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്റ്റ് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 21/20-21 തീയതി 25.04.2022 ) നൽകിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

2. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

2020-21 വർഷം ലൈസൻസ് നൽകിയത് 114 സ്ഥാപനങ്ങൾക്കാണ്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം

പഞ്ചായത്ത് പരിധിയിൽ ആകെ 156 സ്ഥാപനങ്ങൾ ആണുള്ളത്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 21/20-21 തീയതി 25.04.2022 ) നൽകിയ മറുപടിയിൽ കോവിഡ് കാരണം ഫീൽഡിൽ പോകാൻ കഴിയാത്തതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാൻ സാധിച്ചിട്ടില്ല എന്നും ആയത് പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

3. റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പനവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് കടയുടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, എന്നാൽ തുടർനടപടി ഇല്ലാത്തതിനാൽ നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 21/20-21 തീയതി 25.04.2022 ) മറുപടി നൽകി.

4. കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994-ലെ കേരള പഞ്ചായത്ത്‌രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പനവൂർ പഞ്ചായത്തിലെ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇറച്ചിക്കടകൾ ഇല്ല. എന്നാൽ പരിശോധനയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

5. വാണിജ്യാടിസ്ഥാനത്തിൽ വസ്തു നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2020-21 വർഷത്തിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 1145 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 114 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലുള്ള 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ വാർഡ് നം 10 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 10/432 | സലീം,<br>എം എം ഹൗസ് , പനവൂർ | ബേക്കറി |
| 2 | 10/185,186 | സെക്രട്ടറി, വെള്ളാഞ്ചിറ ക്ഷീരോത്പാദക സംഘം | പാൽ സൊസൈറ്റി |
| 3 | 10/1205 | ലാൽ, രാമമന്ദിരം, വെള്ളാഞ്ചിറ | ഫർണിച്ചർ |
| 4 | 10/154 A,B,C | ആനന്ദൻ, മരക്കാട്ടിൽ വീട്, ചീരാണിക്കര | ഇന്റർലോക്ക് |
| 5 | 10/202 | നിസാറുദ്ദീൻ, ആർ പി ഹൗസ്, വെള്ളഞ്ചിറ | പലചരക്ക് വ്യപാരം |
| 6 | 10/491 | ഷിജു, നയന ഡിജിറ്റൽ സ്റ്റുഡിയോ, പനവൂർ | സ്റ്റുഡിയോ |
| 7 | 10/1A | നിസാം, നിസാം മൻസിൽ, പുല്ലാമല | റബർ വ്യപാരം |
| 8 | 10/1B | മുഹസിൽ, അൻഷാ മൻസിൽ, പനവൂർ | ഹോം അപ്ലയൻസസ് |
| 9 | 10/38 | ഷെഫീക്ക്, കൊക്കോട്, കല്ലിയോട് | വസ്ത്ര വ്യാപാരം |
| 10 | 10/151 | അബ്ദുൾ അസീസ്, തടത്തരികത്ത് വീട്, പനവൂർ | ബേക്കറി |

## 1-10 തൊഴിൽ നികുതി പിരിവ് - അപാകതകൾ

1. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല. പനവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്ന് തൊഴിൽനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കടയുടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ തുടർ നടപടി ഇല്ലാത്തതിനാൽ നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 10/20-21 തീയതി 22.04.2022 ) മറുപടി നൽകി.

2. പഞ്ചായത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി/ സ്ഥാപന നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | കെ ഡബ്ല്യു എ പമ്പ് ഹൗസ്, വെള്ളംകുടി | തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |
| 2 | ഹീര എഞ്ചിനിയറിംഗ് കോളേജ് | തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഒടുക്കിയിട്ടില്ല. |

3. 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 204 (1) (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 (1) എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2020-21 വർഷം കരാർ പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 1-11 വസ്തു നികുതി പരിശോധനയിലെ അപാകതകൾ.

1. വസ്തു നികുതി - പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ, 2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)-ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം-2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറു മാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് ലഭ്യമാക്കിയില്ല

2. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി.

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Owner Details | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|
| 1 | 10 | 441 | ലൈലാബീവി | 120100102450 | 06/03/2021 | 137 |
| 2 | 15 | 257 | എസ്.ജയകുമാർ | 120100102451 | 06/03/2021 | 867 |
| 3 | 13 | 208 | ഷറഫുദ്ദീൻ | 120100100725 | 24/09/2020 | 171 |

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 6/107 | മായാകുമാരി (തടത്തരികത്തുവീട്, ആട്ടുകാൽ, പനയമുട്ടം പി ഒ,695561) | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) |
| 2 | 6/351 | ചന്ദ്രൻ (കുന്നുംപുറത്ത് വീട്, മൊട്ടക്കാവ്, ചുള്ളിമാനൂർ പി ഒ,695541) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 3 | 9/3 | റോയൽ ക്ലബ് (ആറ്റിൻപുറം, പനവൂർ പി ഒ, 695568) | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ | താഴത്തെ നില (112 ച മീ ) |
| 4 | 9/99 | ലൈലാ ബീവി (റോഡരികത്ത് വീട്, ആറ്റിൻപുറം പനവൂർ, പനവൂർ പി ഒ 695568) | പാർപ്പിടാവശ്യം | താഴത്തെ നില (140 ച മീ ) |
| 5 | 9/404 | അബ്ദുൽ റഹീം (കരിക്കകത്തിൽ വീട്, കൊങ്ങണംകോട്, പനവൂർ പി ഒ,695568) | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) |
| 6 | 14/293 | സുരേന്ദ്രൻ (കേശവമന്ദിരം, എസ് എൻ പുരം, പനവൂർ പി ഒ, 695568) | പാർപ്പിടാവശ്യം | താഴത്തെ നില (98 ച മീ ) |
| 7 | 14/446 | സുരേഷ് കുമാർ (ഉത്രാടം, പൂവക്കാട്, പാണയം പി ഒ, 695568) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 8 | 3/299 | രാജേന്ദ്രൻനായർ (അമൽ ഭവൻ, പുത്തൻകുന്ന്, പനയമുട്ടം പി ഒ 695561) | പാർപ്പിടാവശ്യം | താഴത്തെ നില (80 ച മീ ) |
| 9 | 3/496 | ദിവാകരൻ (പഴവിള വീട്, കുരിയോട്, പനയമുട്ടം പി ഒ, 695561) | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |
| 10 | 5/99 | ഷൗക്കത്തലി (മുംതാസ് മൻസിൽ , വെങ്കിട്ടക്കാല, ചുള്ളിമാനൂർ പി ഒ,695541) | പാർപ്പിടാവശ്യം | താഴത്തെ നില (100 ച മീ ), ഒന്നാം നില (70 ച മീ ) |
| 11 | 5/398 | സതീശൻ (എബനേസർ ഭവൻ,കടുവാച്ചിറ മൊട്ടക്കാവ്, ചുള്ളിമാനൂർ പി ഒ 695541) | പാർപ്പിടാവശ്യം | താഴത്തെ നില (80 ച മീ ) |
| 12 | 5/532 | അയൂബ് ഖാൻ (ബിസ്മില്ല, കഴക്കുന്ന്), ബുഷി (ബിസ്മില്ല, കഴക്കുന്ന്) | പാർപ്പിടാവശ്യം | താഴത്തെ നില (120 ച മീ ) |
| 13 | 5/623 | രമ്യ.ആർ (രമ്യാ ഭവൻ, കഴക്കുന്ന്) | പാർപ്പിടാവശ്യം | താഴത്തെ നില (80 ച മീ ) |
| 14 | 5/774 | നാസറുദ്ദീൻ (എസ്.എച്ച്.മൻസിൽ,ചാവറക്കോണം) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |

4. ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50265010007312 | 15/64/B | Manager | Bharathi Infratel Ltd | (2016-2017 മുതൽ 2020-21 വരെ) 51030 |
| 2 | 50265010007311 | 2/85/A | Manager | Indus Tower Ltd | (2013-2014 മുതൽ 2016-2017 വരെ) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 100800 |

സഞ്ചയയിലെ കളക്ഷൻ രേഖകൾ പരിശോധിച്ചതിൽ ക്രമ നമ്പർ 1 ന് 2013-14 മുതൽ 2015-16 വരെയുള്ള കളക്ഷൻ ഇരട്ടിപ്പായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 01.08.2016 ലെ 11606500010 രസീത് നമ്പർ പ്രകാരമാണ് പ്രസ്തുത വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2016-2017 മുതൽ 2020-21 വരെയുള്ള വസ്തു നികുതി കളക്ഷൻ രേഖപ്പെടുത്തിയിട്ടില്ല. 27.04.2022-ലെ ഓഡിറ്റ് എൻക്വയറിയ്ക്ക് നം 30/20-21 ഡാറ്റാ പ്യൂരിഫിക്കേഷൻ ചെയ്തത് മൂലം ടവറുകൾക്ക് വസ്തു നികുതി ഇനത്തിൽ അഡ്വാൻസ് തുക വന്നത് കാരണം ഡിമാന്റ് നോട്ടീസ് വന്നിട്ടില്ല എന്ന് മറുപടി നൽകി. എന്നാൽ പരിശോധനയിൽ അഡ്വാൻസായി തുക ലഭിച്ചതിന് വ്യക്തതയില്ല. ക്രമ നമ്പർ 2-ന്റെ കളക്ഷൻ വിവരം സഞ്ജയയിൽ ലഭ്യമല്ല.

5. വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31-ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടിക പൂർണ്ണമല്ല. എന്നാൽ 27.04.2022-ലെ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.30/20-21 പ്രസ്തുത വ്യക്തികൾ സാക്ഷ്യപത്രം എല്ലാ വർഷവും സമർപ്പിക്കാറുണ്ടെന്നും ആയത് സഞ്ജയയിൽ വർഷാവർഷം രേഖപ്പെടുത്താത്തതിനാലാണ് ഇത്തരത്തിൽ അപാകത വന്നത് എന്ന് മറുപടി നൽകി. എന്നാൽ വസ്തു നികുതി ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമായതിനാലാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 3/152 | കൃഷ്ണൻ നായർ, കൃഷ്ണവിലാസം, വാഴമല, പനയമുട്ടം 69556 |
| 2 | 3/266 | കൃഷ്ണൻകുട്ടി,കൃഷ്ണ വിലാസം പുത്തൻകുന്ന് പനയമുട്ടം 695561 |
| 3 | 3/547 | മഹേശ്വരി അമ്മ, നിഷാ ഭവൻ, പനയമുട്ടം, പനയമുട്ടം 695561 |
| 4 | 4/434 | ശശിധരൻ നായർ, വാസ് ഭവൻ, വഞ്ചുവം, ചുള്ളിമാനൂർ 695541 |
| 5 | 10/241A | ശശിധരൻ നായർ, ഗായത്രി.യു.എസ്, വാസ് ഭവൻ, വഞ്ചുവം, ചുള്ളിമാനൂർ 695541 |
| 6 | 10/265 | ജോണി, ഗേറ്റിനകത്തുവീട്, വെള്ളാഞ്ചിറ, പനവൂർ, 695568 |
| 7 | 10/451 | കാസിംകുഞ്ഞ്, ബൈത്തുന്നൂർ, പനവൂർ, പനവൂർ, 695568 |

## 1-12 അങ്കണവാടി കെട്ടിടങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന - ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00245/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി കെട്ടിടങ്ങൾക്കുള്ള വാടക |
| അടങ്കൽ | 50000 തനതു ഫണ്ട് |
| ചെലവ് | 18000 |
| ചെക്ക്നമ്പർ/തീയതി | 663675, 25-03-2021, 18000/- രൂപ |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

പനവൂർ ഗ്രാമപഞ്ചായത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന അങ്കണവാടികളുടെ അധിക വാടക നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. സ. ഉ(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1), (2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു. തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 03-09-2010 തീയതിയിലെ നമ്പർ 39033/ഡി.സി.2/2010, ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുപൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പനവൂർ ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികളാണുള്ളത്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം

മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ 2018-19, 2019-20 എന്നീ വർഷങ്ങളിൽ തയ്യാറാക്കിയിരുന്നെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി സഫലമായില്ല എന്നും 2020-21 വർഷം കോവിഡ് മൂലം ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ പ്രോജക്ട് വകയിരുത്തുന്നതിന് കഴിഞ്ഞില്ല എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/2020-21 തീയതി 21.04.2022) മറുപടി നൽകി. കൂടാതെ അനുപൂരക പോഷകാഹാര പരിപാടിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതത്തിൽ പൂരകപോഷകാഹാര പദ്ധതിക്ക് ചെലവാക്കിയ ശേഷം തുക ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അംഗൻവാടികളിലെ പോരായ്മകൾ പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പനവൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 3 | - |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 | - |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 3 | 3 കെട്ടിടങ്ങൾക്ക് ഭാഗികമായി ചുറ്റുമതിൽ ഉണ്ട്. |
| 4 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 19 | എല്ലാ അങ്കണവാടികൾക്കും ടോയ്ലറ്റ് സൗകര്യം ലഭ്യമാണ്. |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 0 | |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | | എല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യം ലഭ്യമാണ്. |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | 0 | എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നെസ്സ് ലഭിച്ചിട്ടുണ്ട് |

## 1-13 ആർദ്രം-പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കൽ പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-380488/- രൂപയുടെ ചെലവ് തടസ്സം.

പ്രോജക്ട് നമ്പർ:S00187/21

പേര്: ആർദ്രം-പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കൽ

ഫണ്ട് :വികസന ഫണ്ട് (CFC)

അടങ്കൽ :380488/-

ചെലവ്:380488/-

ബിൽ നം./തീയതി:02/11.05.2020

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആർദ്രം-പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ എന്ന പദ്ധതിയ്ക്കായി കെട്ടിടവിപുലീകരണത്തിനുള്ള തുക തിരുവനന്തപുരം DHFWS-ന് 380488/-രൂപ കൈമാറിയിട്ടുണ്ട്. (ആരോഗ്യകേരളം NHM ന്റെ A/C നം.50100321424840 HDFC ബാങ്ക്, വട്ടിയൂർക്കാവ്) മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/27.04.22-ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 380488/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - പൊതു അപാകതകൾ.

വി ഇ ഒ-II നിർവ്വഹണോദ്യോഗസ്ഥനായ അഗതി രഹിതകേരളം, ജനകീയഹോട്ടൽ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികളിൽ ബിൽതുക കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുള്ളതായാണ് കാണുന്നത്. വി ഇ ഒ-യുടെ നേരിട്ടുള്ള നിർവ്വഹണം എന്ന രീതിയിലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതികളിലെല്ലാം കുടുംബശ്രീയെ ഭരണസമിതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥനും ഏജൻസിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ തുക മുഴുവൻ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. തുക ഒന്നാകെ ചെലവഴിച്ചതായി കുടുംബശ്രീ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ അഗതി രഹിതകേരളം പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ചത് 2021-22 സാമ്പത്തിക വർഷത്തിലാണെന്നാണ് കാണുന്നത്. വിനിയോഗസാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക എന്നതു മാത്രമാണ് ഭരണസമിതി നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുള്ള ചുമതല. അംഗീകാരം ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി ഇപ്രകാരം പദ്ധതി നിർവ്വഹണം നടത്താൻ സമിതി തീരുമാനിച്ചതിനുള്ള കാരണം വ്യക്തമല്ല. മേൽ വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും വരും വർഷങ്ങളിൽ ഈ അപാകം ഒഴിവാക്കേണ്ടതുമാണ്.

## 1-15 മുട്ടക്കോഴി വളർത്തൽ - ചെലവുരേഖകളുടെ അഭാവത്തിൽ 8,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : SO 163/21 മുട്ടക്കോഴി വളർത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് : ബിൽ നം 1/20.04.20 – 8,50,000/- രൂ

(വികസനഫണ്ട് പൊതുവിഭാഗം)

കോഴിക്കുഞ്ഞ്, തീറ്റ, കൂട് എന്നിവ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കാനും ഗ്രൂപ്പുകൾക്ക് പരിശീലനം നൽകാനും ഉദ്ദേശിച്ചുള്ളതാണ് പ്രസ്തുത പ്രോജക്ട്. വി ഇ ഒ-യുടെ നേരിട്ടുള്ള നിർവ്വഹണം എന്നാണ് DPC അംഗീകാരം ലഭിച്ച പദ്ധതിരേഖയിൽ കാണുന്നത്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം മുട്ടക്കോഴിയും കൂടും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ മൃഗസംരക്ഷണ ഓഫീസറാണ്. വിതരണത്തിനായി വാങ്ങുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തേണ്ട പ്രസ്തുത പദ്ധതിക്ക് വി ഇ ഒ എങ്ങനെ നിർവ്വഹണോദ്യോഗസ്ഥനായി എന്ന ഓഡിറ്റ് അന്വേഷണത്തിന് ഭരണസമിതിയാണ് തന്നെ ചുമതലപ്പെടുത്തിയത് എന്നാണ് വി ഇ ഒ ലഭ്യമാക്കിയ മറുപടി.

22.11.19ലെ 1/1നം തീരുമാനപ്രകാരം പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതം CDS-മായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് മാറി നൽകുന്നതിനും വിനിയോഗസാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. കാലാകാലങ്ങളിൽ ഉള്ള എല്ലാവിധ ഓഡിറ്റ് പരിശോധനകൾക്കും പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കുടുംബശ്രീ മെമ്പർ സെക്രട്ടറി & ചെയർപേഴ്സൺ ഹാജരാക്കിക്കൊള്ളുന്നതാണെന്നും ആയതിന്മേലുള്ള മുഴുവൻ ഉത്തരവാദിത്തവും സമ്മതിച്ച് മുദ്രപ്പത്രത്തിൽ കരാർ വെച്ചിട്ടുണ്ട്.

തുടർന്ന് 20.04.20-ന് മാറിയ ബിൽ തുക കുടുംബശ്രീയുടെ കാനറാ ബാങ്കിലെ അക്കൗണ്ടിൽ അന്നേ ദിവസം തന്നെ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. 19.06.20-ന് ടി തുക ആനാട് ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തതായുമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക 17 കുടുംബശ്രീ ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് തുല്യമായി വീതിച്ച് നൽകി എന്ന ബാങ്ക് അധികാരികളുടെ ഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗ്രൂപ്പിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 50000/-രൂപ 22.06.20-ൽ വായ്പാ തിരിച്ചടവായി ഒടുക്കിയിട്ടുണ്ട്. എന്നാൽ അത് പദ്ധതി തുക തന്നെയാണോ എന്നത് വ്യക്തമല്ല.

സ.ഉ(പി) 524/2015/ധനം തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വാശ്രയ, സമൃദ്ധി, കെ കെ എഗ്ഗർ നഴ്സറി എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതായും സ്വാശ്രയ അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് പ്രൊഡക്ഷൻ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതായും ഫയലിൽ സൂചനയുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനവുമായി വെച്ചിട്ടുള്ള കരാർ 25,50,000/-രൂപയുടേതാണ്. ജി.എസ്.ടി പോർട്ടലിലെ വിവരങ്ങൾ പ്രകാരം ടി സ്ഥാപനം കാർഷികോപകരണങ്ങൾ, വളം, പച്ചക്കറി, പഴങ്ങൾ എന്നിവയുടെ വിതരണത്തിനുള്ളതാണ്. മുട്ടക്കോഴി വിതരണത്തിന് ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതെങ്ങനെയെന്നോ കരാർ വെച്ചത് ഏത് പദ്ധതിക്കു വേണ്ടിയാണെന്നോ വ്യക്തമല്ല.

ഗുണഭോക്താക്കളുടെ അപേക്ഷകൾ, കോഴിക്കുഞ്ഞ്, കൂട്, തീറ്റ എന്നിവ വാങ്ങിയതിനും തുക നൽകിയതിനുമുള്ള രേഖകൾ ഇവയൊക്കെ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ രേഖകളൊന്നും ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ബയോഫ്ലോക് മത്സ്യകൃഷി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | S0213/21 |
| പ്രോജക്ടിന്റെ പേര് | ബയോഫ്ലോക് മത്സ്യകൃഷി |
| അടങ്കൽ | ₹184000 വികസന ഫണ്ട്<br>₹92000 സംസ്ഥാനാവിഷ്കൃതം<br>₹414000 ഗുണഭോക്തൃ വിഹിതം<br>ആകെ – 690000/- |
| ചെലവ് ബിൽ നം/തീയതി | ₹119227/- ,1/21 30.03.2021 (വികസന ഫണ്ട്)<br>₹178840/- ഗുണഭോക്തൃ വിഹിതം(നേരിട്ട് ചെലവഴിച്ചത്)<br>ആകെ – 298067/- |

വിഷരഹിത മൽസ്യം തദ്ദേശീയമായി ഉൽപാദിപ്പിക്കുക, മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ഷാക്കീർ.എ, സുരേഷ് കുമാർ.വി, ജാബിർ.എസ്, റഫീക്ക്.എ.ജെ, അജിത്ത്കുമാർ.വി എന്നിവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. (ഓഡിറ്റ് എൻക്വയറി നം.15).

I. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിക്കേണ്ടതും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി പ്രതിനിധി ചെയർമാനും ഫിഷറീസ് വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായ ഒരു സമിതി അപേക്ഷകരുടെ സ്ഥലപരിശോധന നടത്തി അനുയോജ്യമായവരെ ശിപാർശ ചെയ്ത് ഗുണഭോക്തൃ സാധ്യതാ പട്ടിക തയ്യാറാക്കേണ്ടതും ആയത് പഞ്ചായത്ത് ഭരണസമിതി അന്തിമമായി അംഗീകരിക്കേണ്ടതുമാണ്. ഗുണഭോക്തൃ ലിസ്റ്റ് 11.08.2020 ലെ 1/1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയ്ക്കായി ആകെ എത്ര പേർ അപേക്ഷിച്ചുവെന്നോ ഏത് മാനദണ്ഡപ്രകാരമാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത് എന്നതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.15) മറുപടിയിൽ സാങ്കേതിക പരിജ്ഞാനവും 24 മണിക്കൂർ കറണ്ടും നിരീക്ഷണവും ആവശ്യമുള്ള പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ പൂർണ്ണമായും അറിവുള്ളവരെയാണ് തെരഞ്ഞെടുത്തതെന്ന് മറുപടി നൽകിയിരിക്കുന്നു. എന്നാൽ അപേക്ഷകളോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമായില്ല.

II. തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി പ്രതിനിധി ചെയർമാനും, ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥൻ കൺവീനറുമായ കമ്മിറ്റി താഴെപ്പറയുന്ന ഓരോ ഘട്ടവും വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

1. അടിസ്ഥാന സൗകര്യമൊരുക്കി മൽസ്യവിത്ത് നിക്ഷേപിക്കുന്നതിന് മുൻപ്

2. മത്സ്യകൃഷി കാലയളവിൽ

3. വിളവെടുപ്പിന് മുന്നോടിയായി

ആയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ടി ഉദ്യോഗസ്ഥൻ പനവൂർ കൂടാതെ 9 പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയുടെയും ചാർജ് ഉള്ളതിനാൽ നെയ്യാർഡാം ഹാച്ചറിയിൽനിന്ന് മൽസ്യവിത്ത് വാങ്ങുന്നതിനുള്ള ഏർപ്പാട് ചെയ്തിരുന്നതായും വിവിധ ഘട്ടങ്ങളിൽ യൂണിറ്റുകൾ സന്ദർശിച്ച് മേൽനോട്ടം വഹിച്ചതായും അറിയിച്ചിരിക്കുന്നു. എന്നാൽ ആയതിന്റെ റിപ്പോർട്ടുകളൊന്നും പരിശോധനയ്ക്ക്

ലഭ്യമായില്ല.

III. ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പരിശീലനം നൽകേണ്ടതുണ്ട്. ആയത് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി ഫേസ് ബുക്കിലുള്ള ട്രെയിനിംഗ് ലിങ്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും ആയത് ഏത് സമയത്തും എടുത്തുകാണുവാനും സംശയ നിവാരണം നടത്തുവാനും സാധിക്കുമെന്നും അറിയിച്ചിരിക്കുന്നു.

IV. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം പദ്ധതി ആരംഭിച്ച് അഞ്ചാം മാസം മുതൽ വിളവെടുപ്പ് ആരംഭിക്കാവുന്നതും ആറാം മാസത്തോടുകൂടി വിളവെടുപ്പ് പൂർത്തിയാക്കേണ്ടതുമാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്താവും ഒക്ടോബർ 2020-ലാണ് കരാർ ഒപ്പ് വച്ചിരിക്കുന്നത്. ആയത് പ്രകാരം മാർച്ച് 2021 മുതൽ വിളവെടുപ്പ് ആരംഭിക്കേണ്ടതാണ്. എന്നാൽ ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങളോ സംരംഭത്തിന്റെ പൂർത്തീകരണ റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.15) മറുപടിയിൽ ചിലർ മത്സ്യ വിത്ത് കിട്ടാനുള്ള താമസം കാരണമാണ് തുടങ്ങാത്തത് എന്ന് അറിയിച്ചിരിക്കുന്നു. വിളവെടുപ്പ് ആരംഭിച്ചതിന്റെ വിശദാംശങ്ങളോ സംരംഭത്തിന്റെ പൂർത്തീകരണ റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമായില്ല.

V. സുഭിക്ഷകേരളം പദ്ധതി സംബന്ധിച്ച സ.ഉ (സാധാ)നം.1009/2020/ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.3.1 ൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകളിൽ തന്നെയാണോ പദ്ധതിയുടെ ഭാഗമായുള്ള ടാങ്കും അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. നിഷ്കർഷിച്ചിരിക്കുന്ന രീതിയിലാണ് ടാങ്കുകൾ നിർമ്മിച്ചിരിക്കുന്നതെന്ന് മറുപടി നൽകിയിരിക്കുന്നു.

VI. പദ്ധതിയുടെ ഭാഗമായി സബ്സിഡി തുകയുടെ 1/3 ഭാഗം ഫിഷറീസ് വകുപ്പാണ് വഹിക്കേണ്ടത്. പ്രസ്തുത തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുകയുടെ 1/3 ഭാഗം ഫിഷറീസ് വകുപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയതിന്റെ രേഖകളൊന്നും ലഭ്യമായില്ല.

VII. പ്രസ്തുത സംരംഭത്തിനായി ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിൽ നിന്നോ സർക്കാർ ഏജൻസിയായ "ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള" (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) മുഖേനയോ മൽസ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് നേരിട്ട് വാങ്ങി നല്കാവുന്നതും അല്ലാത്തപക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതുമാണ്. എന്നാൽ മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയോ, വാങ്ങി നല്കിയതിന്റെയോ രേഖകളോ/വൗച്ചറുകളോ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

VIII. ഫിഷറീസ് ഇൻസ്പെക്ടറും, ഗുണഭോക്താവും തമ്മിലുള്ള കരാർ ഉടമ്പടി പ്രകാരം മത്സ്യകൃഷിയിടത്തിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മത്സ്യകൃഷി നടത്തേണ്ടതാണ്. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾ വിളവെടുത്തതിന്റെയോ, ആയത് വിപണിയിലിറക്കി വരുമാനം ലഭിച്ചതിന്റെയോ, ഇവർ തുടർന്നും മത്സ്യകൃഷി ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചതിന്റെയോ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും അയത് ഹാജരാക്കിയില്ല.

IX. പദ്ധതി മാർഗ്ഗരേഖ ഖ 11.4, 13 എന്നിവ പ്രകാരം പദ്ധതി നിർവഹണം പൂർത്തിയാകുന്ന മുറക്ക് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും, കൈവരിച്ച നേട്ടങ്ങളും പ്രതിപാദിച്ച് കൊണ്ടുള്ള പൂർത്തീകരണ പത്രം സുലേഖയിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. ഇതിനായി പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും, പ്രസ്തുത കമ്മിറ്റികൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതുമാണ്. പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകൃഷി യൂണിറ്റ് ബയോഫ്ലോക് നിർമ്മിച്ചത്, മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ മോണിറ്റിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ടി യൂണിറ്റുകളെല്ലാം തന്നെ ഫിഷറീസ് വകുപ്പ് നിരന്തരമായി മോണിറ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പല യൂണിറ്റുകളിലും ഗുണഭോക്താക്കൾ 24 മണിക്കൂർ മോണിറ്റർ ചെയ്യാത്തതിന്റെ പോരായ്മകൾ ഉണ്ടായതിനാൽ പ്രസ്തുത പദ്ധതി 14-ാം ധനകാര്യകമ്മിഷൻ ഒഴിവാക്കുന്നതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത യൂണിറ്റിൽ മത്സ്യക്കുഞ്ഞുങ്ങൾ ചാവാൻ ഇടയാവുകയും പകരം മത്സ്യക്കുഞ്ഞുങ്ങളെ നൽകിയകായും അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

സ്ഥല പരിശോധനയിൽ 5 ഗുണഭോക്താക്കളും ഒരു സ്ഥലത്താണ് ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ഒരു ടാങ്കിൽ മാത്രമേ മത്സ്യകൃഷി നടത്തുന്നുള്ളൂ. ജലത്തിന്റെയും വൈദ്യുതിയുടേയും ലഭ്യതക്കുറവും നിരന്തരമായ മോണിറ്ററിന്റെ അഭാവവുമാണ് മീനുകൾ ചത്തുപോകാൻ ഇടവരുന്നതെന്നും മീനുകളുടെ വിപണന സാദ്ധ്യത കുറവാണെന്നും ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.

പരിശീലനത്തിന്റെയും നിരന്തരമായ മോണിറ്ററിംഗിന്റെയും അഭാവം മൂലവും ഭൗതിക സാഹചര്യങ്ങളുടെ

അപര്യാപ്തതയുമാണ് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്താത്തത്. പദ്ധതി പ്രകാരം സ്ഥാപിച്ച ടാങ്കുകൾ എല്ലാം പ്രവർത്തനക്ഷമമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-17 ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

13.01.2010-ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. ആസ്തികൾ സംരക്ഷിക്കുന്നതിന് വേണ്ടി ആസ്തികൾ സംബന്ധിച്ച കൃത്യമായ രേഖകളും രജിസ്റ്ററുകളും തയ്യാറാക്കാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുകയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയത് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള സ്ഥാവര ആസ്തികളുടെയും ജംഗമ ആസ്തികളുടെയും കൃത്യമായ കണക്കുകൾ ആസ്തി രജിസ്റ്ററിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ ത്രൈമാസ – അർദ്ധവാർഷിക – വാർഷികമായി പരിശോധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും സെക്രട്ടറി സ്വീകരിച്ചതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ആസ്തി സംബന്ധിച്ച വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയർ വഴി 2019 വരെ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ അപ്ഡേഷൻ നടന്നിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ടി വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തെങ്കിലും കോവിഡ് നിയന്ത്രണങ്ങൾ കാരണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിരിക്കുന്നു. അപ്ഡേഷൻ നടപടികൾ ഉടൻ സ്വീകരിച്ച് രേഖകൾ സഹിതം അടുത്ത ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൽ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/29.04.2022- നുള്ള മറുപടിയിൽ സർക്കാർ നിർദ്ദേശാനുസരണം റോഡുകൾ, പാലങ്ങൽ, ഓടകൾ, മറ്റു റോഡുകളുമായി ബന്ധപ്പെട്ട നിർമ്മിതികൾ എന്നീ ആസ്തികൾ R-Track എന്ന സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും കെട്ടിടങ്ങൾ, സ്ഥലങ്ങൾ, മറ്റുള്ളവയുടെ അപ്ഡേഷൻ നടന്നുവരികയാണെന്നും അറിയിച്ചിരിക്കുന്നു.

പദ്ധതിമാർഗ്ഗരേഖ സ.ഉ.(കൈ) നം.11/തസ്വഭവ തീയതി.29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.2017-ലെ ജി.ഒ.(ആർ.ടി) 166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18 -നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ചെയർപേഴ്സണായി അസറ്റ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഭരണ സമിതിയുടെ 22.02.2022-ലെ ഭരണ സമിതി തീരുമാനത്തിന് വിധേയമായി തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ആസ്തി പരിപാലനത്തിനായി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ആസ്തി സംരക്ഷണം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതും ആയത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-18 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 5% കുറവ് ചെയ്തില്ല - നഷ്ടം 49080/-രൂപ.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിന ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | പനയമുട്ടം LPS മെയിന്റനൻസ് (123/21)സ്പിൽ ഓവർ | പേരയം സ്കൂൾ കെട്ടിടം മെയിന്റനൻസും പെയിന്റിംഗും (78/21) |
|---|---|---|
| അടങ്കൽ | 374856/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 200000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| കൺവീനർ: | ശ്രീമതി ശ്രീകുമാരി .കെ (H M) | ശ്രീമതി ബിന്ദു .എസ് (H M) |
| കരാർ: | 39/AE LSGD/PGP -19-20 Dt.10.2.20 | 6/AE LSGD/PGP-20-21 Dt.17.07.20 |
| അളവ് പുസ്തകം: | 103/19/20 തീ.18.05.19 | 6/20-21 തീ 17.04.20 |
| ചെലവ്: | 374856/-രൂപ | 199865/- |
| ബിൽ നമ്പർ : | 15/20-21 തീ. 24.04.20 | 37/20-21 തീ. 13.11.20 |
| നൽകിയ തുക | | |
| മൂല്യനിർണ്ണയം | 374856/-രൂപ | 178451.05 |
| GST(+)12% | - | 21414.12 |
| (-) IT 1 % | 3749/- | 1785 |
| (-) WF 1% | 3749/- | 1785 |
| കൺവീനർക്ക്: | 367358/-രൂപ | 196295 |
| നൽകാവുന്ന തുക | | |
| മൂല്യനിർണ്ണയം | 374856/-രൂപ | 178451.05 |
| (-) OH 5% | 18742.8/- | 8922.56 |

| | | |
|---|---|---|
| ആകെ | 356113/- രൂപ (Rounded) | 169528/-രൂപ (Rounded) |
| GST(+)12% | - | - |
| (-) IT 1 % | 3561/- | 1695/- |
| (-) WF 1% | 3561 | 1695 |
| കൺവീനർക്ക് | 348991/- | 166138/- |
| ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക | 356113 /- | 169528/- |
| ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | 374856/- | 199865 |
| അധികം പിൻവലിച്ച തുക | 18743/- | 30337/- |

കൺവീനർ നടപ്പിലാക്കിയ പദ്ധതികൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകേണ്ടതില്ല. എന്നാൽ പേരയം സ്കൂൾ കെട്ടിടം മെയിന്റനൻസും പെയിന്റിംഗും (78/21) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൺവീനറായ HM-ന് ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ 21414.12/- രൂപ നൽകിയിട്ടുണ്ട്. ആതിനാൽ ടിയാൻ 2% ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.04.2022-നുള്ള മറുപടിയിൽ കൺവീനറിൽ നിന്നും ഈടാക്കേണ്ട തുകകൾ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്ന് അറിയിച്ചിരിക്കുന്നു. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

2020-21 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പരിശോധനയ്ക്ക് ലഭ്യമാക്കിയ ഭൂരിഭാഗം ഫയലുകളിലും പ്രോജക്റ്റിന്റെ പകർപ്പ്, TR-59(E) ബില്ലിന്റെ പകർപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

2.പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവൃത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് മിക്ക ഫയലിലും ലഭ്യമല്ല. പരിശോധനയ്ക്ക് ലഭ്യമായ സെലക്ഷൻ നോട്ടീസിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ എന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ എന്നും പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

4.മിക്ക ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ ലഭ്യമല്ല. ലഭ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. പ്രവൃത്തികളുടെ കാര്യത്തിൽ മാനുലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. TS സ്ലിപ്പും ഫയലിനൊപ്പം ലഭ്യമല്ല.

5.1997-ലെ കേരള പഞ്ചായത്ത്‌രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.

6. 1997 ലെ കേരള പഞ്ചായത്ത്‌രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി വെച്ചിട്ടുള്ള കരാറിൽ ഒന്നും പ്രവൃത്തികളുടെയും, പൂർത്തീകരണ തീയതിയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

8.എഗ്രിമെന്റ് രജിസ്റ്ററിൽ എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11-നുള്ള മറുപടിയിൽ മേൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കില്ലായെന്നും മോണിറ്ററിംഗ് റിപ്പോർട്ട് വരും വർഷങ്ങളിൽ ലഭ്യമാക്കിക്കൊള്ളാമെന്നും അറിയിച്ചിരിക്കുന്നു. മേൽ രേഖപ്പെടുത്തിയ അപാകതകൾ ഒഴിവാക്കുന്നതിന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-20 പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രോജക്റ്റ് റിവൈസ് ചെയ്തിരിക്കുന്നു.

കേരള PWD മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം Detailed Estimate തയ്യാറാക്കി സാങ്കേതിക അനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുകയാണെങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതി ആരംഭിക്കുന്നതിന് മുമ്പേ പ്രോജക്റ്റ് റിവൈസ് ചെയ്തിരിക്കുന്നു.

| പ്രോജക്റ്റ് നം. | കരാറുകാരന്റെ പേര് | കരാർ തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രോജക്റ്റ് റിവൈസ് ചെയ്ത കമ്മറ്റി തീരുമാനം |
|---|---|---|---|---|
| 62/21(SO) കീഴാറ്റിൻപുറം വാലിക്കോണം റോഡ് റീടാറിംഗ് | സി.ചന്ദ്രൻ | 18.09.18 | 19.02.20 | 2(3) തീ.17.02.20 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17-ന് വ്യക്തമായ മറുപടി ലഭിച്ചില്ല. പദ്ധതി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത പ്രോജക്റ്റ് ക്യാൻസൽ ചെയ്ത് റികാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. പ്രസ്തുത അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ പലതും പ്രവൃത്തി നടക്കുന്ന സമയത്ത് എസ്റ്റിമേറ്റുകൾ പലതും റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് ഇതിന് കാരണം. 2012-ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്ന് ലഭിക്കുന്നില്ല. പ്രവൃത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പല പ്രവൃത്തികളിലും എസ്റ്റിമേറ്റുകൾ പ്രവൃത്തി സമയത്ത് പുതുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൃത്യമായ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലല്ല പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ. ആട്ടുകാൽ മുക്കാംതോട് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (പ്രോജക്റ്റ് - 127/21 ചെലവ് തുക 985513/-)

പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ സംരക്ഷണ ഭിത്തിയുടെ നീളം കിട്ടിയാലേ പ്രസ്തുത പണി ഫലപ്രാപ്തിയിലെത്തുകയുള്ളൂ എന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ പ്രവൃത്തി റിവൈസ് ചെയ്തു.

ബി. മലമുകൾ അംഗൻവാടി കെട്ടിട പൂർത്തീകരണം (പ്രോജക്ട് -51/21 ചെലവ് തുക 998834/- ) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്രായോഗികമായി ചില പുനഃക്രമീകരണങ്ങൾ വരുത്തിയാൽ മാത്രമേ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ പ്രവൃത്തി റിവൈസ് ചെയ്തു.

സി.കീഴാറ്റിൻപുറം വാലിക്കോണം റോഡ് റീടാറിംഗ് (പ്രോജക്ട് -62/21(SO)) ചെലവ് തുക 740419/-രൂപ) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 17.02.20 ലെ 2(3) നമ്പർ തീരുമാനപ്രകാരം പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിൽ പ്രായോഗികമായി ചില ക്രമീകരണങ്ങൾ വരുത്തിയാൽ മാത്രമേ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ അടങ്കൽ തുകയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് സാങ്കേതിക അനുമതിയോടുകൂടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. കീഴാറ്റിൻപുറം വാലിക്കോണം റോഡ് ടാറിംഗ് എന്ന പ്രോജക്റ്റ് 2018-19 വർഷം ടാർ ചെയ്യാനാണ് പ്രോജക്റ്റിൽ ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ അന്നത്തെ ഉദ്യോഗസ്ഥൻ സെക്കന്റ് മെറ്റലിംഗ് ടാറിംഗ് എന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണുണ്ടായതെന്നും ആയതുകൊണ്ടാണ് ഈ റോഡ് രണ്ട് മെറ്റലിംഗും ടാറിംഗും കൊടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/25.04.2022, 27/27.04.2022 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-22 കാലതാമസത്തിന് പിഴ ഈടാക്കാതെ കരാറുകാരന് ബിൽ തുക നൽകി.

പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2009.06, 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ എന്നിവ പ്രകാരം, കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രേസ് പീരിയഡ് അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം ദീർഘീകരണം ആവശ്യമായ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവിന്റെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലയളവ് ദീർഘിപ്പിക്കേണ്ടി വരുന്ന പക്ഷം PAC-യുടെ 2% ഫൈൻ ഈടാക്കി പൂർത്തീകരണ കാലയളവിന്റെ 25% കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച് നൽകാവുന്ന പരമാവധി കാലയളവ് പൂർത്തീകരണ കാലയളവിന്റെ 50%-മോ, 6 മാസമോ ആയിരിക്കുന്നതാണ്.

മേൽ വ്യവസ്ഥകൾ പാലിക്കാതെയും, കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്യാതെയും ഫൈൻ ഈടാക്കാതെയും കരാറുകാരന് ബിൽ തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കരാറുകാരൻ | പി.എ.സി., പ്രവൃത്തി കാലയളവ് | കരാർ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി |
|---|---|---|---|---|---|
| 60/21<br>കൊച്ചാനായിക്കോണം സി.സി ഹൗസ് വെള്ളംകുടി റോഡ് നവീകരണം | മനേക്ഷാ.എം.ഐ | 696609.50<br>3 മാസം | 4/7/19 | 3/7/20 | 4.10.19 |
| 66/21<br>കരിക്കുഴി ചെവിടൻപാറ റോഡിൽ ഓട നിർമ്മാണം | എ.ഹാഷീം | 910053.97<br>3 മാസം | 9.08.19 | 3.07.20 | 9.11.19 |
| 75/21<br>വിശ്വപുരം - കരിഞ്ച കലുങ്കിന് സംരക്ഷണ | രതീഷ്. എസ്.എസ് | 158358.14<br>3 മാസം | 9/12/19 | 25.09.20 | 9.03.20 |

| | | | | | |
|---|---|---|---|---|---|
| ഭിത്തി നിർമ്മാണം | | | | | |
| 62/21(SO)കീഴാറ്റിൻപുറം വാലിക്കോണം റോഡ് റീടാറിംഗ് | സി.ചന്ദ്രൻ | 800000<br>5 മാസം | 18.09.18 | 13.03.20 | 18.02.19 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/25.04.2022, 27/27.04.2022 എന്നിവയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തികളിലും മറ്റ് പ്രവൃത്തികളിലെയും തുക ഈടാക്കാനുണ്ടെങ്കിൽ ആയതും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ജി.എസ്.ടി. അടവാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.

01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019-ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/.PLA /EMP/ 1014/(A) /05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്. 01.11.2017-ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ല.

മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി. എസ്. ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി. എസ്. ടി. ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി. എസ്. ടി. കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ വേലമൂല്യത്തിൽ നിന്ന് 2% ജി. എസ്. ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി. എസ്. ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി. എസ്. ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കി തുക കൈപ്പറ്റിയ കരാറുകാരുടെ ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/22.04.2022-നുള്ള മറുപടിയിൽ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യേണ്ടത് കരാറുകാരുടെ വ്യക്തിപരമായ ചുമതലയാണെന്നും അതന്വേഷിക്കേണ്ടത് ജി. എസ്. ടി വകുപ്പിന്റെ ചുമതലയാണെന്നും നിലവിൽ കരാറുകാരിൽ നിന്ന് ഇൻവോയിസ് ശേഖരിക്കുന്നില്ലെന്നും അറിയിച്ചിരിക്കുന്നു.

ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കി തുക കൈപ്പറ്റിയ കരാറുകാരുടെ ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്റ്റ് അടങ്കൽ | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | പാലിയേറ്റീവ് കെയർ(42/21) | 300000 | 0 |
| | | 2025103 | ലൈഫ്(ജനറൽ)(6/21) | 2025103 | 0 |
| | | 360000 | ന്യൂ ലൈഫ്(141/21) | 360000 | 0 |
| | | 200000 | എം.എൻ ലക്ഷം വീടുകളുടെ മെയിന്റനൻസ് (172/21) | 200000 | 0 |
| | | 398750 | വയോജനങ്ങൽക്ക് കട്ടിൽ(174/21) | 398750 | 0 |
| | | 500000 | അഗതി രഹിത കേരളം(189/21) | 500000 | 0 |
| | | 213750 | സ്നേഹസ്പർശം | 213750 | 0 |
| | | 307495 | മാമൂട് പട്ടിക വർഗ്ഗ സങ്കേതത്തിൽ സാംസ്കാരിക നിലയം നിർമ്മാണം(82/21) | 307495 | 0 |
| | | 600000 | കൊച്ചപാലോട് മലയകോണം റോഡ് കോൺക്രീറ്റ് | 600000 | 0 |
| | | 710000 | ടേക്ക് എ ബ്രേക്ക്(239/21) | 710000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 150000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(138/21) | 150000 | 0 |
| | | 137380 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(108/21) | 137380 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 168000 | ഹരിത ഭവനം(182/21) | 168000 | 0 |
| | | 3200000 | ലൈഫ്(ജനറൽ)(6/21) | 3200000 | 0 |
| | | 1040000 | ന്യൂ ലൈഫ്(141/21) | 1040000 | 0 |
| | | 108000 | ജലശ്രീ കിണർ റീചാർജ്ജിംഗ്(165/21) | 108000 | 0 |
| | | 213750 | സ്നേഹസ്പർശം | 213750 | 0 |
| | | 2450000 | വെള്ളാഞ്ചിറ എസ്.എൻ പുരം റോഡ് റീടാറിംഗ് | 2450000 | 0 |
| | | 70000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(108/21) | 70000 | 0 |
| | | 50000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(138/21) | 50000 | 0 |
| | | 50000 | എം.എൻ ലക്ഷം വീടുകളുടെ മെയിന്റനൻസ് (172/21) | 50000 | 0 |

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 129327 | 5902478 | 6031805 | 5902478 | 129327 | 129327 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 7349750 | 7349750 | 7349750 | 7349750 | 0 |

സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ നീക്കിയിരുപ്പിൽ വ്യത്യാസമുണ്ട്. ആയത് പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | അജയപുരം കമ്മ്യൂണിറ്റിഹാളിൽ പൈപ്പ് കണക്ഷൻ* | 70000 | 61321 | 12679 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 72909 | 72909 | 0 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 7165000 | 70000 | 7235000 | 61321 | 7173679 | 7165000 പ്രസ്തുത തുക 2020-21 B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. |
| കെ.എസ്.ഇ.ബി | 80127 | - | 80127 | - | 8012 | - |

*പ്രസ്തുത പദ്ധതിയുമായ് ബന്ധപ്പെട്ട 2020-21 B18 വരവും ചെലവും ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| HUDCO | 59192353 | 5480000 | 5136353 | 59536000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീ. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13 | 3(2) | 32575 | സജ്ന സെയ്ദ്, അസി.എൻജിനീയർ | 120100100341 തീ.24.06.20* |

*പ്രസ്തുത റിക്കവറി എ.എഫ്.എസിലെ Rp-10-ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7718919 |
| ഓഡിറ്റ് വർഷത്തെ വരവ് | 99524261 |
| ആകെ | 107243180 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 100416148 |
| നീക്കിയിരിപ്പ് | 6827032 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1230488 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 850000 | ശ്രീ പ്രേംകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 380488 | ഡോ. പ്രീത എസ് ആർ, മെഡിക്കൽ ഓഫീസർ (PHC) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. പ്രീത എസ് ആർ മെഡിക്കൽ ഓഫീസർ(PHC) | | യമുന കോളനി ഹൗസ് നം 10, കടപ്പനക്കുന്ന് P.O |
| ശ്രീ പ്രേംകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | പ്രമീളാലയം, മഴവൻകോട്, കുതിരകുളം P.O |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.റ്റി.വി.എം.ജി.പി.6/946/2018 തീയതി 17.05.2018 | 1 |
| 2002-03 | | 4 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 12 |
| 2006-07 | | 1 |
| 2007-08 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 2 |
| 2008-09 | | 5 |
| 2009-10 | | 2 |
| 2010-11 | | 3 |
| 2011-12 | | 7 |
| 2012-13 | | 3 |
| 2013-14 | | 2 |
| 2014-15 | | 8 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 12 |
| 2016-17 | | 12 |

| | | |
|---|---|---|
| 2017-18 | | 6 |
| 2018-19 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/900/2020 തീയതി.21.10.20 | 28 |
| 2019-20 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/667/2021 തീയതി.31.03.21 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്